# ആമുഖം

പുതിയൊരു സാമ്പത്തിക വർഷത്തിന് തുടക്കം കുറിക്കുന്ന ഈ വേളയിൽ അതിന്റെ ആദ്യ പടിയായി വേളം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് അവതരിപ്പിക്കയാണ്, സമഗ്രവും സുസ്ഥിരവും ജനോപകാരപ്രദവുമായ വികസന പ്രവർത്ത പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണസമിതി പ്രതിജ്ഞാ ബദ്ധരാണ് ആയതിൻറെ അടിസ്ഥാനത്തിൽ സർവ്വ മേഖലയിലും ഉണർവ്വ് പകരുന്ന ബജറ്റാണ് തയ്യായാറാക്കിയിരിക്കുന്നത് കൃഷി ,ഭവന നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം ,ആരോഗ്യം ,ദാരിദ്ര്യ ലഘൂകരണം എന്നീ പ്രധാന മേഖലകളിലെല്ലാം തന്നെ മുന്നേറ്റം നൽകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനാണ് ബജറ്റിലൂടെ ലക്ഷ്യമിടുന്നത് ഭിന്നശേഷിക്കാർ, വൃദ്ധർ ,സ്ത്രീകൾ, കുട്ടികൾ, പാർശ്വവത്ക്കരിക്കപ്പെട്ടവർ തുടങ്ങിയവർക്ക് ആനുപാതികമായ തുക വകയിരുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട് 2023-24 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള വികസന ഫണ്ട് മാത്രം വിനിയോഗിച്ചു കൊണ്ട് എല്ലാ മേഖലകളിലും വികസനമെത്തിക്കാൻ പ്രയാസമാണ്, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ സംസ്ഥാന വിഷ്കൃത ഫണ്ടുകൾ , തനത് ഫണ്ട് ,വിവിധ ഗ്രാൻറുകൾ എന്നിവയുടെ സഹായത്തോടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കനാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്

സാമൂഹിക നീതിയും പരിസ്ഥിതി സംരക്ഷണവും ഉറപ്പ് വരുത്തിയും മനുഷ്യ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി വേളം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ആയതിന് എല്ലാ ഭരണ സമിതി അംഗങ്ങളുടെയും നിസ്സീമമായ സഹകരണവും പിന്തുണയും പ്രതിക്ഷിക്കുന്നു

സ്നേഹത്തോടെ....

നയിമ കുളമുള്ളതിൽ
പ്രസിഡണ്ട്
വേളം ഗ്രാമ പഞ്ചായത്ത്